# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 51 — 06/03/2012 ൽ മറുപടിയ്ക്ക്

## അഗതി -അനാഥ മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ.എൻ.എ.നെല്ലിക്കുന്ന് — ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ | സംസ്ഥാനത്ത് എത്ര അഗതി -അനാഥ മന്ദിരങ്ങളുണ്ട് എന്നും ഈ മന്ദിരങ്ങളിൽ എത്ര അന്തേവാസികൾ ഉണ്ട് എന്നും അറിയിക്കുമോ; | എ.) സംസ്ഥാനത്ത് 1867 അനാഥ-അഗതി മന്ദിരങ്ങളുണ്ട്. ഇവയിലെല്ലാം കൂടി 104948 അന്തേവാസികളെ പ്രവേശിപ്പിക്കാനാണ് അനുമതിയുള്ളത്. ഇപ്പോൾ നിലവിലുള്ള അന്തേവാസികളുടെ എണ്ണം ശേഖരിച്ചിട്ടില്ല. |
| ബി | അനാഥ മന്ദിരങ്ങളിലും മറ്റും എത്തിപ്പെടുന്ന കുട്ടികളിൽ പലരും തീർത്തും അനാഥരായ കുട്ടികളല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഓർഫണേജസ് & അദർ ചാരിറ്റബിൾ ഹോംസ് സൂപ്പർ വിഷൻ &കൺട്രോൾ ആക്ട് പ്രകാരം പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ ഓർഫണും നോൺ ഓർഫണുമായ കുട്ടികളെ പാർപ്പിക്കുവാൻ അനുമതിയുണ്ട്. പ്രവേശനത്തിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം കുടുംബ വരുമാനമാണ്. കുടുംബ വാർഷിക വരുമാനം പഞ്ചായത്തുകളിൽ 20,000/- രൂപയും മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ 22,375/- രൂപയുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓർഫൺ അല്ലാത്ത കുട്ടികളെക്കൂടി സ്ഥാപനത്തിൽ പാർപ്പിച്ച് വിദ്യാഭ്യാസവും വൊക്കേഷണൽ ട്രെയിനിംഗും നൽകി വരുന്നു. |
| സി | അനാഥാലയങ്ങളിൽ കുട്ടികളെ പരിചരിക്കുന്നവർ പരിശീലനം നേടിയവരാണോ എന്നും ഇവർക്ക് കുട്ടികളെ പരിചരിക്കാൻ ഏതു രീതിയിലുള്ള പരിശീലനമാണ് | സി) നിലവിൽ പരിശീലന പദ്ധതി ഇല്ല. |

| | | |
|---|---|---|
| | നൽകുന്നത് എന്നും അറിയിക്കുമോ; | |
| ഡി | അംഗീകാരമില്ലാത്ത എത്ര അഗതി-അനാഥ മന്ദിരങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്? | ഡി) 138 എണ്ണം |

R. Vijayakumar
സെക്ഷൻ ഓഫീസർ